# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1101 — 14.06.2012 ൽ -മറുപടിക്ക്

### റേഷൻ കടകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

| | ചോദ്യം<br>ശ്രീ. ബി.സത്യൻ | | ഉത്തരം<br>ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | പുതിയതായി റേഷൻ കടകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (എ) | പുതിയ റേഷൻകടകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>1. പുതിയ റേഷൻ കടയ്ക്ക് കുറഞ്ഞത് 400 റേഷൻ കാർഡുകൾ രജിസ്റ്റർ ചെയ്യാനുണ്ടാകണം<br>2. പുതിയ റേഷൻ കട അനുവദിക്കുന്നതുവഴി സമീപപ്രദേശത്ത് നിലവിലുള്ള റേഷൻ കടകളിലെ കാർഡുകളുടെ എണ്ണം 400-ൽ താഴെയാകുവാൻ പാടില്ല.<br>3. ഭൂപ്രകൃതി, ഹരിജൻ കോളനികൾ, ഉപഭോക്താക്കൾക്ക് റേഷൻ വാങ്ങുന്നതിന് കൂടുതൽ ദൂരം സഞ്ചരിക്കേണ്ടി വരിക എന്നീ പ്രത്യേക സാഹചര്യങ്ങളിൽ മാത്രം 400 കാർഡുകൾ എന്ന വ്യവസ്ഥയിൽ സർക്കാർ ഇളവ് വരുത്തി അനുയോജ്യമായ സ്ഥലങ്ങളിൽ പുതിയ റേഷൻ ഡിപ്പോ അനുവദിച്ചു വരുന്നു. |
| (ബി) | റേഷൻ കടകൾ അനുവദിക്കുന്നതിന് ഏതെങ്കിലും തരത്തി ലുള്ള സംവരണ തത്വം പാലിക്കാറുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഉണ്ടെങ്കിൽ വിഭാഗം തിരിച്ച് സംവരണം നൽകുന്ന രീതി വിശദമാക്കാമോ? | (സി) | എസ്.റ്റി. വിഭാഗത്തിന് 2% എസ്.സി. വിഭാഗത്തിന് 8% അംഗവൈകല്യമുള്ളവർക്ക് 5% വനിതകൾക്ക് 20% എന്നിങ്ങനെ 35% ഒഴിവുകൾ മേൽപ്പറഞ്ഞ വിഭാഗങ്ങൾക്കായി സംവരണം ചെയ്തിരിക്കുന്നു. നിലവിലുള്ള ലൈസൻസികൾക്ക് അനാരോഗ്യം, പ്രായാധിക്യം എന്നിവ കണക്കിലെടുത്ത് അവകാശികളെ നാമനിർദ്ദേശം ചെയ്യാവുന്നതും അപ്രകാരം നാമനിർദ്ദേശം ചെയ്യുന്നവർക്ക് നിയമനം നൽകാവുന്നതുമാണ്. ലൈസൻസി ആയിരിക്കവേ മരണപ്പെടുന്നവരുടെ അനന്തരാവകാശികൾക്കും നിയമാനുസരണം നിയമനത്തിന് അർഹതയുണ്ട്. |

സെക്ഷൻ ഓഫീസർ